**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1636</u>** **<u>20-06-2024 - ൽ മറുപടിയ്ക്ക്</u>**

**<u>കാലാവസ്ഥാ വ്യതിയാനം മൂലം കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥാ വ്യതിയാനം മൂലം സംസ്ഥാനത്തെ കാർഷികമേഖല നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | ഉണ്ട്. 2024 ഫെബ്രുവരി മുതൽ മെയ് മാസം വരെയുണ്ടായ കടുത്ത വരൾച്ചയും തുടർന്നുണ്ടായ അതിതീവ്ര മഴയും കാരണം വ്യാപകമായ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. വരൾച്ച മൂലം സംസ്ഥാനത്തുടനീളം 46587 ഹെക്ടറിൽ കൃഷിനാശം സംഭവിച്ചതായും 375.81 കോടി രൂപയുടെ നഷ്ടം ഉണ്ടായതായും 56947 കർഷകർ ഇതുമൂലം ബാധിക്കപ്പെട്ടതായും കണക്കാക്കിയിട്ടുണ്ട്. പ്രധാന കാർഷിക ജില്ലകളായ ഇടുക്കി, വയനാട്, പാലക്കാട്, തൃശ്ശൂർ ഉൾപ്പെടെയുള്ള എല്ലാ ജില്ലകളിലും അതി രൂക്ഷമായ വരൾച്ചയും ഉഷ്ണതരംഗവും മൂലം പ്രധാന ഭക്ഷ്യ വിളകളായ നെല്ല്, വാഴ, പച്ചക്കറികൾ, പഴവർഗങ്ങൾ, പയറുവർഗങ്ങൾ മുതലായവയും ഏലം, കുരുമുളക്, കാപ്പി, കൊക്കോ, അടക്ക, നാളികേരം ഉൾപ്പെടെയുള്ള നാണ്യ, തോട്ടവിളകൾക്കും കനത്ത നാശനഷ്ടം സംഭവിച്ചു. ജലസേചന സ്രോതസുകളെല്ലാം വറ്റി വരളുകയും, വിളവെടുക്കാറായ ഫലവർഗങ്ങൾ വിൽപ്പനയോഗ്യമല്ലാതാകുകയും ചെയ്തു. അതിതീവ്രമഴ മൂലം സംസ്ഥാനത്ത് 3145 ഹെക്ടറിൽ കൃഷി നാശമുണ്ടായതായും, 155.91 കോടി രൂപയുടെ നഷ്ടമുണ്ടായതായും 50273 കർഷർ ഇതുമൂലം ബാധിക്കപ്പെട്ടതായും കണക്കാക്കിയിട്ടുണ്ട്. കൂടാതെ കാലാവസ്ഥാ വ്യതിയാനം മൂലം രോഗ-കീടങ്ങളുടെ ആക്രമണവും വർധിച്ചുവരുന്നു. |
| (ബി) | ഇവ നേരിടുന്നതിനായി എന്തെല്ലാം പരിഹാരമാർഗങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | കാർഷിക മേഖലയിൽ ഉണ്ടാകുന്ന നാശ നഷ്ടങ്ങൾ പരിഹരിക്കുന്നതിനായി കൃഷി വകുപ്പിന് കീഴിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി**<br><br>കേരളത്തിലെ പ്രധാനപ്പെട്ട 27 കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. പ്രകൃതിക്ഷോഭം, |

വന്യജീവി ആക്രമണം എന്നിവ മൂലം വിളകൾക്കുണ്ടാകുന്ന പൂർണ്ണ നാശത്തിന് ഇതിലൂടെ നഷ്ടപരിഹാരം നൽകുന്നു. നെൽകൃഷിക്ക് കീടരോഗ ബാധമൂലം ഉണ്ടാകുന്ന നാശങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലോ, വ്യക്തിഗത അടിസ്ഥാനത്തിലോ പദ്ധതിയിൽ ചേരാവുന്നതാണ്.

**2. പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തര പരിപാടി**

കൃഷി നാശം സംഭവിച്ച കർഷകർക്ക് പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തര പരിപാടി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന വിഹിതവും, കേന്ദ്ര സർക്കാരിൽ നിന്നുള്ള വിഹിതവും, സംസ്ഥാന ദുരന്ത പ്രതികരണ നിധി (SDRF) മുഖേന നഷ്ടപരിഹാരമായി നൽകുന്നു. വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വീണ്ടും വിളവിറക്കുന്നതിനായി പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തിര പരിപാടി പദ്ധതി പ്രകാരം, നെൽവിത്ത് സൗജന്യമായി നൽകുന്നതിനുള്ള ക്രമീകരണം കേരളസ്റ്റേറ്റ് സീഡ് ഡവലപ്പ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. രോഗ-കീടങ്ങളുടെ ആക്രമണമൂലമുള്ള നഷ്ടത്തിനും, കർഷകരുടെ കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും, ഉരുൾപ്പൊട്ടി കൃഷിയിടം ഒലിച്ചുപോയി ഉണ്ടാകുന്ന നഷ്ടത്തിനും, മടകളുടെ പുനർനിർമ്മാണത്തിനുമുള്ള നഷ്ടപരിഹാരം ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും ലഭ്യമാക്കുന്നതാണ്.

**3. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി-Restructured Weather Based Crop Insurance Scheme (RWBCIS)**

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനി (AICIL) മുഖേന നടപ്പാക്കുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ വിളയെ ബാധിക്കുന്ന വിജ്ഞാപനം ചെയ്ത പ്രതികൂല സാഹചര്യങ്ങൾക്കെതിരെയാണ് പരിരക്ഷ നൽകുന്നത്. കേരളത്തിലെ 14 ജില്ലകളിലും ഈ പദ്ധതി വിജ്ഞാപനം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിനായി ജില്ലകളിൽ കാലാവസ്ഥ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | **4. കാലാവസ്ഥാ വ്യതിയാനം മൂലം കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ലഭ്യമാക്കുന്നതിന് 'KERA' പദ്ധതിയിൽ വിശദമായ പഠനം ലക്ഷ്യമിട്ടിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ